**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5966** **16-03-2023 - ൽ മറുപടിയ്ക്ക്**

**കുറ്റവാളികളെ നിയമത്തിന് കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മയക്കുമരുന്ന് ഉപയോഗവും വില്പനയുമായി ബന്ധപ്പെട്ട കുറ്റവാളികളെ നിയമത്തിന് കീഴിൽ കൊണ്ടുവരുന്നതിന് ശക്തമായ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനായി എന്തെല്ലാം നടപടികളാണ് നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (ബി) | മയക്കുമരുന്ന് ഉപയോഗവും വിൽപ്പനയുമായി ബന്ധപ്പെട്ട കുറ്റവാളികളെ നിയമത്തിന് കീഴിൽ കൊണ്ടുവരുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്താകെ 2754 പ്രതികളുടെ ഡാറ്റാബാങ്ക് തയ്യാറാക്കി അവരുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു. മയക്കുമരുന്ന് വിപണനത്തിൽ ആവർത്തിച്ച് ഏർപ്പെടുന്നവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും കുറ്റക്കാരെന്ന് കണ്ടെത്തിയാൽ കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മയക്കുമരുന്ന് കേസ്സുകളിൽ ഉൾപ്പെടുന്ന വ്യക്തികൾ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ PIT NDPS Act 1988 പ്രകാരം സംസ്ഥാനത്തൊട്ടാകെ 63 പേരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എൻ.ഡി.പി.എസ്. കേസുകളിൽ 10 വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെടുന്ന സ്ഥിരം കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുവാൻ എൻ.ഡി.പി.എസ്. നിയമം അനുശാസിക്കുന്ന തരത്തിൽ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. എൻ.ഡി.പി.എസ്. നിയമത്തിലെ സെക്ഷൻ 34 പ്രകാരം മയക്കുമരുന്നു കേസിലെ പ്രതികൾ പുറത്തിറങ്ങിയാൽ ഇനി കുറ്റകൃത്യങ്ങൾ ചെയ്യില്ലെന്നുള്ള ബോണ്ട് വയ്ക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. ആയത് പ്രകാരം നാളിതുവരെ 29 പേരിൽ നിന്നും ബോണ്ട് വാങ്ങിയിട്ടുള്ളതാണ്. ഇത്തരം ബോണ്ടുകൾ വാങ്ങുന്നത് ശിക്ഷ വിധിക്കുന്ന കോടതികളാണ്. മുൻ കേസിൽ പ്രതിയായിട്ടുള്ള ഒരാൾക്കെതിരെ മറ്റൊരു കേസിൽ കുറ്റപത്രം |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്ന സമയത്ത് എൻ.ഡി.പി.എസ്. ആക്ട് സെക്ഷൻ 31 കൂടി ഉൾപ്പെടുത്തി അധിക ശിക്ഷ ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചു വരുന്നുണ്ട്. ആയത് പ്രകാരം നാളിതുവരെ 34 കേസുകളിലെ പ്രതികൾക്കെതിരെ സെക്ഷൻ 31 പ്രകാരം അധിക ശിക്ഷ ലഭിക്കുന്നതിനു വേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ട്. ലഹരി വ്യാപനം തടയുന്നതിനായി സംസ്ഥാനത്താകെ സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകളും, ഹൈവെ പട്രോൾ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. എൻ.ഡി.പി.എസ്. കേസുകൾ കണ്ടെടുക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുന്നുണ്ട്.<br><br>സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനായി പ്രത്യേക കർമ്മപരിപാടികൾ തയ്യാറാക്കി ലഹരിക്കെതിരെ 'No to Drugs' എന്ന പേരിൽ രണ്ടു ഘട്ടങ്ങളിലായി എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മറ്റുവകുപ്പുകളുടേയും, സന്നദ്ധ സംഘടനകളുടേയും, യുവജന സംഘടനകളുടേയും, സാമൂഹിക-സാമുദായിക സംഘടനകളുടേയും, വ്യാപാരി വ്യവസായി സംഘടനകളുടേയും സഹകരണത്തോടെ സംസ്ഥാനത്തൊട്ടാകെ ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. ഈ പരിപാടിയുടെ ആദ്യഘട്ടം 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെയും, രണ്ടാം ഘട്ടം 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെയും നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ